# Malayala Manorama
# 27 August 2018
# Karunagapally, After Flood, Flood Victims, Help



## ജീവിതം വീണ്ടും കെട്ടിപ്പടുക്കാൻ പ്രയത്നിക്കുന്നവരെ സഹായിക്കാം: മാതാ അമൃതാനന്ദമയി

കരുനാഗപ്പള്ളി • ജീവിതത്തിൽ ആധ്യാത്മികതയുടെയും ഭക്തിയുടെയും വിശ്വാസത്തിന്റെയും പ്രാധാന്യം വിളിച്ചോതുന്നതാണ് ഓണത്തിന്റെ പ്രധാന സന്ദേശമെന്ന് മാതാ അമൃതാനന്ദമയി. അമൃതപുരി ആശ്രമത്തിൽ തിരുവോണ ദിനത്തിൽ എത്തിയ ഭക്തർക്ക് ഓണസന്ദേശം നൽകുകയായിരുന്നു.

നാട് പ്രളയദുരിതത്തിലായതിനാൽ ആശ്രമത്തിൽ ഇത്തവണ ഓണാഘോഷം ഒഴിവാക്കിയിരുന്നു. കേരളക്കരയ്ക്ക് ഒരിക്കലും മറക്കാൻ കഴിയാത്തൊരു ഓണമാണിത്. ഈ അവസരത്തിൽ നമ്മളെ വിട്ടുപിരിഞ്ഞവരുടെ ആത്മശാന്തിക്കു വേണ്ടിയും മനസ്സ് പൊള്ളുന്ന സങ്കടത്തിനിടയിലും ജീവിതം വീണ്ടും കെട്ടിപ്പടുക്കാൻ പ്രയത്നിക്കുന്നവർക്കു വേണ്ടിയും ഉള്ളുരുകി പ്രാർഥിക്കാമെന്നും അവർക്കൊരു കൈത്താങ്ങായിത്തീരാൻ നമുക്ക് ആത്മാർഥമായി ശ്രമിക്കാമെന്നും മാതാ അമൃതാനന്ദമയി പറഞ്ഞു.